

# Synergy Home

“Cancer is just a **chapter in our lives** and not the whole story.”




## കനിവ്

ജന സേവന മേഖലയിൽ രണ്ടര പതിറ്റാണ്ടായി കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയാണ് കനിവ് ചാരിറ്റബിൾ ട്രസ്റ്റ്.

സാമൂഹികപരമായ കാരണങ്ങളാലോ, പ്രകൃതി ദുരന്തങ്ങളാലോ, എല്ലാം നഷ്ടപ്പെട്ടവരുടെ പുനരധിവാസം, സാമ്പത്തിക പരാധീനത കാരണം രോഗത്തിന് ചികിൽസയോ മറ്റു മാർഗങ്ങളോ അവലംബിക്കാൻ കഴിയാതെ മരുന്നു പോലും വാങ്ങി കഴിക്കാൻ പ്രയാസപ്പെടുന്നവന്റെ ചികിത്സക്കുള്ള പരിഹാരം, വിദ്യാഭ്യാസത്തെക്കുറിച്ച ധാരണ കുറവുകൊണ്ടോ സാമ്പത്തിക പ്രയാസങ്ങൾ കൊണ്ടോ, പഠനം മുടങ്ങി പോയവരുടെ തുടർ പഠനത്തിനുള്ള മാർഗ്ഗങ്ങൾ, തൊഴിലെടുത്ത് ജീവിക്കാൻ സന്നദ്ധമായിട്ടും, തൊഴിൽ മാർഗ്ഗങ്ങൾ ലഭ്യമാകാതെ പ്രയാസപ്പെടുന്നവർക്ക് തൊഴിൽ മാർഗങ്ങൾ തുടങ്ങി ചികിത്സ രംഗത്തും പുനരധിവാസ രംഗത്തും പ്രവർത്തിക്കുന്ന കനിവിന്റെ സേവനങ്ങൾ ആയിരങ്ങൾക്ക് ഇതുവരെ ആശ്വാസമായി

## കനിവ് ഗ്രാമം

ജില്ലയിലെ മലയോര മേഖലകളിൽ കനിവ് ഗ്രാമം പട്ടിണിയും തൊഴിലില്ലായ്മയും കൊണ്ട് പ്രയാസപ്പെടുന്നവരുടെ ആശ്വാസകേന്ദ്രമാണ്. കനിവ് ഹോം പദ്ധതിയിലൂടെ വീട് നിർമാണം, വീട് റിപ്പയർ, പഠന കിറ്റ് വിതരണം, ആഘോഷവേളകളിലെ പുതുവസ്ത്ര വിതരണം, മലയോര മേഖലകളിൽ ഭക്ഷണ കിറ്റ് വിതരണം, ചികിത്സ തുടങ്ങിയ പ്രവർത്തനങ്ങളാണ് കനിവ് ഗ്രാമം ചെയ്തു വരുന്നത്.

ഇപ്പോൾ പുതിയ ഒരു സംരംഭത്തിന് കൂടി കനിവ് തുടക്കം കുറിക്കുന്നു **സിനർജി ഹോം**



Synergy Home

ജീവിതത്തിന്റെ താളങ്ങളെ അപ്പാടെ മുറിച്ചു കളയുന്ന അർബുദരോഗം പിടിപെട്ട രോഗികൾക്കും കുടുംബങ്ങൾക്കും പരിചരണവും ആശ്വാസമേകുന്ന കേന്ദ്രമാണ് സിനർജി ഹോം.

കളി തമാശകൾ തുടങ്ങുന്നതിനു മുമ്പേ അർബുദരോഗം പിടിപെട്ട് ചിരി മാഞ്ഞുപോകുന്ന കുട്ടികൾ, ചികിത്സാ ചെലവ് താങ്ങാൻ കഴിയാതെ കിടപ്പാടം വിൽക്കേണ്ടി വരുന്ന കുടുംബങ്ങൾ നിനച്ചിരിക്കാതെ കുടുംബത്തിലേക്ക് കയറിവന്ന രോഗത്തെ എങ്ങനെ കൈകാര്യം ചെയ്യുണമെന്നറിയാതെ മനോനില തെറ്റി പോകുന്നവർ, മാതാപിതാക്കൾക്കോ മക്കൾക്കോ അർബുദം പിടിപെട്ട് ജീവിതത്തിലെ ഏക വരുമാന മാർഗ്ഗവും നിലച്ചുപോയി നിലയില്ലാ കഴത്തിലേക്ക് എടുത്തറിയപ്പെടുന്ന കുടുംബങ്ങൾ ഇവർക്കൊക്കെയും താങ്ങാവാൻ കഴിയണമെന്നാണ് സിനർജി ഹോം ആഗ്രഹിക്കുന്നത്.

ക്യാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ നൽകുന്ന ഏഷ്യയിലെ തന്നെ പ്രധാനപ്പെട്ട ഒരു ക്യാൻസർ സെന്ററായ എം .വി .ആർ ക്യാൻസർ സെന്ററിനോട് അനുബന്ധിച്ചാണ് സിനർജി ഹോം പ്രവർത്തിക്കുന്നത്.

"Cancer is just a **chapter in our lives** and not the whole story."

Synergy Home

"Cancer is just a **chapter in our lives** and not the whole story."




## ലക്ഷ്യങ്ങൾ

- വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും അവരുടെ ഭയങ്ങളും പ്രതീക്ഷകളും അനിശ്ചിതത്വങ്ങളും പങ്കിടാൻ കഴിയുന്ന ഒരു സുരക്ഷിത ഇടം
- ക്യാൻസറിന്റെ വിവിധ ഘട്ടങ്ങളിലൂടെയുള്ള യാത്ര സുഗമമാക്കുക. അമിതമായി അനുഭവപ്പെടുന്ന ഭാരങ്ങൾ ലഘൂകരിക്കുക.
- അറിവ് കൊണ്ട് വ്യക്തികളെ ശാക്തീകരിക്കുക. വ്യത്യസ്ത തരത്തിലുള്ള ക്യാൻസറുകൾ, ചികിത്സാ ഓപ്ഷനുകൾ, പാർശ്വഫലങ്ങൾ, ആരോഗ്യകരമായ ജീവിതശൈലി തിരഞ്ഞെടുപ്പുകൾ എന്നിവയെ കുറിച്ചുള്ള കൃത്യവും വിശ്വസനീയവുമായ വിവരങ്ങൾ നൽകുക.
- ക്യാൻസറിനെ ആരും ഒറ്റയ്ക്ക് നേരിടരുത്. ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിലൂടെ, ഒറ്റപ്പെടലിന്റെ വികാരങ്ങൾ കുറയ്ക്കാനും ധൈര്യം പങ്കിടുന്ന അന്തരീക്ഷം സൃഷ്ടിക്കാനും പരിശ്രമിക്കുക.
- സമഗ്രമായ രോഗശാന്തിയുടെ പ്രാധാന്യം മനസ്സിലാക്കി ചികിത്സയുടെ സമ്പൂർണ്ണതയും സന്തുലിതാവസ്ഥയും പ്രോത്സാഹിപ്പിക്കുക. അതിനാവശ്യമായ ശാരീരികവും വൈകാരികവും ആത്മീയവുമായ വശങ്ങളെ അഭിസംബോധന ചെയ്യുക.
- വെൽനസ് പ്രവർത്തനങ്ങൾ, പ്രായോഗിക സഹായം, ജീവിതനിലവാരം ഉയർത്തൽ എന്നിവയിലൂടെ വ്യക്തികൾക്ക് ആശ്വാസവും സന്തോഷവും പുതിയ ലക്ഷ്യബോധവും കണ്ടെത്താൻ കഴിയുന്ന ഒരു അന്തരീക്ഷം സ്രഷ്ടിക്കുക.
- പ്രത്യാശ ഉണർത്തുക. വെല്ലുവിളികൾക്കിടയിലും വെളിച്ചമുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഓരോ വ്യക്തിയിലും പ്രതീക്ഷകൾ വളർത്തുക

Synergy Home

## സേവനങ്ങൾ

**താമസ സൗകര്യം**

ചികിത്സയുടെ വിവിധ ഘട്ടങ്ങളിൽ വിശ്രമം ആവശ്യമായി വരുന്ന രോഗികൾക്കും പരിചാരകർക്കും അത്യാവശ്യ സൗകര്യങ്ങളോ ടുകൂടിയ താമസ സൗകര്യം.

**കൗൺസലിംഗ് സെന്റർ**

രോഗത്തിനടിപ്പെട്ടവർ അഭിമുഖീകരിക്കുന്ന മാനസിക സംഘർഷ ങ്ങൾ ലഘൂകരിക്കുന്നതിനും വിവിധ ജീവിതാനുഭവങ്ങളെ ധൈര്യ സമേതം അഭിമുഖീകരിക്കുന്നതിനും പ്രാപ്തമാക്കുന്ന പ്രത്യേക കൗൺസലിംഗ് പ്രോഗ്രാമുകൾ

**എമർജൻസി വോളന്റീയർ**

രോഗികൾക്ക് ആവശ്യമായ രക്തം ധാനം ചെയ്യുന്നതിനും മറ്റു മെഡിക്കൽ ഹെൽപ്പിനും വേണ്ട എമർജൻസി റെസ്പോണ്ട് വോള ന്റീയർമാരുടെ സേവനങ്ങൾ എല്ലാ സമയത്തും ലഭ്യമായിരിക്കും

**ആംബുലൻസ് സർവീസ്**

രോഗികളുടെ അഡ്മിറ്റ് സമയത്തും ഡിസ്ചാർജ് സമയത്തും ആവശ്യാനുസരണം മിതമായ നിരക്കിൽ ആംബുലൻസ് സർവീസ് ലഭ്യമായിരിക്കും

**ബ്ലഡ് ഡോണേഴ്സ് ഫോറം**

ആവശ്യമുള്ള രോഗികൾക്ക് രക്തം നൽകാൻ സന്നദ്ധരായവരുടെ ബ്ലഡ് ഡോണേഴ്സ് ഫോറം

**എഡ്യൂക്കേഷണൽ വർക്ക്ഷോപ്പ്സ്**

ചികിത്സ ഓപ്ഷനുകൾ, പാർശ്വഫലങ്ങൾ, രോഗലക്ഷണങ്ങൾ നിയന്ത്രിക്കൽ, ജീവിതശൈലി ക്രമീകരണങ്ങൾ എന്നിവ ഉൾപ്പെടെ ക്യാൻസറിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള വിജ്ഞാനപ്രദമായ സെഷനുകൾ



**വെൽനസ് ആക്ടിവിറ്റീസ്**

സമ്മർദ്ദം കുറയ്ക്കുന്നതിനും മാനസിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും വ്യായാമം ധ്യാനം എന്നിവ പരിശീ ലിപ്പിക്കുന്നു.

**ലൈബ്രറി**

ക്യാൻസർ, ചികിത്സാ ഓപ്ഷനുകൾ, ജീവിതശൈലി ക്രമീകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശ്വസനീയവും കാലികവുമായ അറിവുക ളുടെ ശേഖരം


**ന്യൂട്രിഷൻ ഗൈഡൻസ്**

ചികിത്സയ്ക്കിടെ സമീകൃതാഹാരം നിലനിർത്തുന്നതിനും പാർശ്വഫ ലങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആരോഗ്യത്തിനും പോഷണം നിലനിർത്തുന്നതിനും ആവശ്യമായ വിദഗ്ധോപദേശം നൽകുന്നു.


Synergy Home




## CELLER FLOOR





## GROUND FLOOR




## FIRST FLOOR




## SECOND FLOOR



Synergy Home

Chooloor, Vellalassery, NIT, Calicut, Kerala
Mob: 97458 06508 E-mail: synergyhomeclr@gmail.com

KANIVU CHARITABLE TRUST FOR MEDICAL AND PALLIATIVE MISSION

A/C: 9210 1000 9043 058, Axis Bank Mukkam Branch

IFSC Code: UTIB0004275